(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജ് മേഖലാവികസനം തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ കാലാനുസൃതമായി പുതുക്കുന്ന പ്രവൃത്തി മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ നടന്നുവരുന്നു. പദ്ധതിയ്ക്ക് അന്തിമ രൂപം നൽകിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്ന കാര്യം വ്യക്തമാവുകയുള്ളു.

(സി) ഭൂമി ഏറ്റെടുത്തിട്ടില്ല.

(ഡി) നിവേദനങ്ങൾ പരിഗണിച്ചാണ് പദ്ധതി പുതുക്കുന്നതിനുള്ള നടപടി ഉണ്ടായത്.

(ഇ) പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം ഉണ്ടാകും.

(എഫ്) ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കുന്ന പദ്ധതി തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം

150 [153] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് തൃശ്ശൂർ ടൗണിൽ നിന്ന് മുളംകുന്നത്തുകാവിലേക്ക് മാറ്റുന്നത് സംബന്ധിച്ച നടപടി പൂർത്തിയായോ എന്നും, എന്നുമുതൽ മുളംകുന്നത്തുകാവിൽ പ്രവർത്തനം ആരംഭിക്കും എന്നും വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണ് എന്നും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(സി) മെഡിക്കൽ കോളേജിലെ സി.ടി. സ്കാൻ യന്ത്രം എന്നുമുതലാണ് പ്രവർത്തനം നിലച്ചതെന്നും യന്ത്രത്തിന്റെ കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഡി) സി.ടി. സ്കാൻ പ്രവർത്തിക്കുന്നതുമൂലം ഒരുമാസം ശരാശരി ലഭിക്കുന്ന വരുമാനം എത്രയാണെന്നും എത്ര രൂപ വീതമാണ് ഇതിന് ചാർജ്ജ് ഈടാക്കുന്നത് എന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത യന്ത്രം വാങ്ങിയത് എന്നാണ് എന്നും ഇതിന്റെ വില എത്രയാണെന്നും യന്ത്രത്തിന്റെ ഗ്യാരന്റി കാലാവധി തീർന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പുതിയ യന്ത്രം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ;

(ജി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി. ഫണ്ടിൽ ബാക്കിയുള്ള നിക്ഷേപം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ടൗണിൽ നിന്ന് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. അപ്രോച്ച് റോഡ്, എയർ കണ്ടീഷനിംഗ്, മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ എന്നിവയുടെ പണി പൂർത്തിയായി വരുന്നതേയുള്ളു. ഏകദേശം മൂന്നു മാസത്തിനുള്ളിൽ ആശുപത്രിയുടെ പ്രവർത്തനം മുളങ്കുന്നത്തുകാവിൽ ആരംഭിക്കാം എന്ന് കരുതുന്നു.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. † ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 10-2-2004 മുതലാണ് സി.റ്റി. സ്കാൻ യന്ത്രത്തിന്റെ പ്രവർത്തനം നിലച്ചത്. യന്ത്രത്തിന്റെ കേടുപാടുകൾ തീർക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഒരു മാസം ശരാശരി 2 ലക്ഷം രൂപയാണ് വരുമാനം.

1.	തലയുടെ സ്കാൻ	. .	1100 രൂപ
2.	മൊത്തം ശരീരത്തിന്റെ സ്കാൻ	. .	2000 രൂപ
3.	നട്ടെല്ലിന്റെ സ്കാൻ	. .	3000 രൂപ

രോഗികളുടെ വരുമാനത്തിനനുസരിച്ച് തുകയിൽ ഇളവുകൾ അനുവദിക്കുന്നുണ്ട്.

(ഇ) 30-4-1998-ലാണ് മെഷീൻ കമ്മീഷൻ ചെയ്തത്. ഇതിന്റെ വില 1,26,76,210 രൂപയാണ്. ഇതിന്റെ ഗ്യാരന്റി 29-4-2000-ൽ തീർന്നു.

(എഫ്) പുതിയ യന്ത്രം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) തൃശ്ശൂർ മുളങ്കുന്നത്തുകാവിലുള്ള നെഞ്ചുരോഗാശുപത്രിയോടനുബന്ധിച്ചു പ്രവർത്തിക്കുന്ന എച്ച്.ഡി.സി.-യുടെ ഫണ്ടിൽ 15,90,000 രൂപയും ടൗൺ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 42,86,680 രൂപയും ബാക്കി നിൽക്കുന്നുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly